(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ ശൂരനാട് പ്രൈമറി ഹെൽത്ത് സെൻററിൽ 16 കിടക്കകളാണുള്ളത്. ശുദ്ധജലവിതരണത്തിന് അവിടെ സംവിധാനമില്ല. ഇപ്പോൾ കിണർവെള്ളമാണ് ഉപയോഗിക്കുന്നത്. 36 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ 30 കിടക്കകൾവീതം ഏർപ്പെടുത്താനുള്ള പട്ടികയിൽ ശൂരനാട് പ്രൈമറി ഹെൽത്ത് സെൻറർ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും കേന്ദ്ര ഗവൺമെൻറ് സഹായധനം നൽകാത്തതിനാൽ ഈ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

പ്രകൃതി ചികിൽസാ കേന്ദ്രം ആരംഭിക്കുവാൻ നടപടി

939 [1481] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ശാസ്താംകോട്ട കേന്ദ്രമാക്കി ഒരു പ്രകൃതി ചികിൽസാ കേന്ദ്രം ആരംഭിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് 4.1.1978-ൽ ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിലെ ആവശ്യം പരിശോധിക്കുകയുണ്ടായി. എന്നാൽ ബഡ്ജറ്റിൽ ഇതിലേക്കായി തുകയില്ലാത്തതുകൊണ്ട് ഉടനടി എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാദ്ധ്യമായിരുന്നില്ല. മാത്രവുമല്ല, ഇദംപ്രഥമമായി വർക്കലയിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ള പ്രകൃതി ചികിൽസാ സെൻററിൻെറ പ്രവർത്തനം സസ്രദ്ധം പഠിച്ചശേഷം മാത്രമേ കൂടുതൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമുള്ളു. ഇക്കാരണങ്ങളാൽ ടി പ്രശ്നം ഭാവിയിൽ പരിഗണിക്കാനായി മാററിവെയ്ക്കപ്പെട്ടിരിക്കുകയാണ്.

തഴവാ അലോപ്പതി ഡിസ്പെൻസറി

940 [1482] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ തഴവാ പഞ്ചായത്തിലെ തഴവാ അലോപ്പതി ഡിസ്പെൻസറി പത്തു ബെഡ്ഡുള്ള ഒരു ഹോസ്പിററലായി ഉയർത്തണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് 16.2.1978-ൽ ഗവൺമെൻറിന് ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly